**ചീഫ് എഞ്ചിനീയറുടെ നടപടിക്രമങ്ങൾ ജലസേചനവും ഭരണവും തിരുവനന്തപുരം**

**ഹാജർ- കെ.എ.ജോഷി.**

**വിഷയം**:- അധിക വിഭവസമാഹരണം സേവന നിരക്കുകൾ പുതുക്കുന്നത് സംബന്ധിച്ച്

**പരാമർശം**:- സർക്കാർ ഉത്തരവ് നം.28/2019/ധന തീയതി 8/3/2019.

**ഉത്തരവ് നം.എഫ്-5/ 14714/2018 തീയതി 22/03/2019.**

പരാമർശ പ്രകാരം സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തല വികസനത്തിനും, സാമ്പത്തിക സുസ്ഥിരതയ്ക്കും നികുതിയേതര വരുമാനത്തിൽ വർദ്ധനവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ സർക്കാർ എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ/ചാർജുകൾ എന്നിവയ്ക്ക് 01/04/2019 മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തി ഉത്തരവ് പുറപ്പെടുവിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ നിലവിലെ എല്ലാ നിരക്കുകളിലും അഞ്ചു ശതമാനം വർദ്ധനവ് വരുത്തിയ തുക, അഞ്ച് രൂപയുടെ ഗുണിതമായ തുക അല്ലെങ്കിൽ തൊട്ടടുത്ത അഞ്ചിന്റെ ഗുണിതമായ തുക, പുതുക്കിയ നിരക്കായി നിശ്ചയിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ ഈ വകുപ്പിന്റെ പരിധിയിൽ വരുന്ന എല്ലാ സേവനങ്ങൾക്കുമുള്ള ഫീസുകൾ/ചാർജുകൾ എന്നിവയിൽ 01/04/2019 മുതൽ 5% വർദ്ധനവ് വരുത്തികൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ചീഫ് എഞ്ചിനീയർ

Rec 23/3/19

പകർപ്പ്-1. എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ.
2. എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ.
3. IT Cell to Publish.

ഉത്തരവിൻപ്രകാരം

**സീനിയർ ഫിനാൻസ് ഓഫീസർ**

VR: (T3)